**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 708** **02-02-2023 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് മീറ്റർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഐ .സി .ബാലകൃഷ്ണൻ** | | **ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ഇ.ബിയുടെ സ്മാർട്ട് മീറ്റർ പദ്ധതി ജനങ്ങളിൽ അധിക ഭാരം അടിച്ചേൽപ്പിക്കുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഉണ്ട്. ഇക്കാര്യം സർക്കാരിന്റെ ഗൗരവമായ പരിഗണനയിലാണ്. |
| (ബി) | ആർ.ഡി.എസ്.എസ്. പദ്ധതിയുടെ മാർഗരേഖ പ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ ചെലവാകുന്ന തുക 93 മാസം കൊണ്ട് കരാറെടുത്ത കമ്പനിക്ക് തിരികെ നൽകണമെന്നും ഇത് ഉപഭോക്താക്കളിൽ നിന്നും തിരിച്ചുപിടിക്കണമെന്നും നിർദേശിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (ബി) | മീറ്ററൊന്നിന് 6000 രൂപാ "ലൈഫ് സൈക്കിൾ കോസ്റ്റ്" ആണ് കേന്ദ്ര സർക്കാർ നിശ്ചയിച്ച തുക (മീറ്ററും അനുബന്ധ സൗകര്യങ്ങളും സ്ഥാപിച്ച് 93 മാസം പരിപാലിക്കുന്നതിനുള്ള തുക). യഥാർത്ഥ ചെലവ് ടെണ്ടർ വഴി കണ്ടെത്തേണ്ടതാണ് ഇപ്രകാരം കണക്കാക്കിയാൽ മീറ്ററൊന്നിന് പ്രതിമാസം ഏതാണ്ട് 60 രൂപയോളം സേവന ദാതാവിന് നൽകേണ്ടി വരും. പ്രസ്തുത പദ്ധതി ചെലവ് കെ.എസ്.ഇ.ബി.എൽ പരിപാലന ചെലവിനത്തിലോ മറ്റ് ചെലവിനങ്ങളിലോ വകയിരുത്തുന്നതിനുള്ള തീരുമാനം റെഗുലേറ്ററി കമ്മീഷന്റെ അനുവാദത്തോടുകൂടി മാത്രമേ കൈക്കൊള്ളുകയുള്ളൂ.<br><br>TOTEX മാതൃകയിൽ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കുമ്പോൾ ഉപഭോക്താക്കൾക്ക് ഉണ്ടാകാനിടയുള്ള അധിക സാമ്പത്തിക ബാദ്ധ്യത ലഘൂകരിക്കുന്നതിനും കേന്ദ്ര മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ വിശദമായി പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കിയാൽ സാധാരണ ജനങ്ങളുടെ മേൽ ഉണ്ടാകുന്ന അധിക ഭാരം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | മീറ്ററൊന്നിന് 6000 രൂപാ "ലൈഫ് സൈക്കിൾ കോസ്റ്റ്" ആണ് കേന്ദ്ര സർക്കാർ നിശ്ചയിച്ച തുക (മീറ്ററും അനുബന്ധ സൗകര്യങ്ങളും സ്ഥാപിച്ച് 93 മാസം പരിപാലിക്കുന്നതിനുള്ള തുക). യഥാർത്ഥ ചെലവ് ടെണ്ടർ വഴി കണ്ടെത്തേണ്ടതാണ് |

| | | | |
|---|---|---|---|
| | | | ഇപ്രകാരം കണക്കാക്കിയാൽ മീറ്ററൊന്നിന് പ്രതിമാസം ഏതാണ്ട് 60 രൂപയോളം സേവന ദാതാവിന് നൽകേണ്ടി വരും. പ്രസ്തുത പദ്ധതി ചെലവ് കെ.എസ്.ഇ.ബി.എൽ പരിപാലന ചെലവിനത്തിലോ മറ്റ് ചെലവിനങ്ങളിലോ വകയിരുത്തുന്നതിനുള്ള തീരുമാനം റെഗുലേറ്ററി കമ്മീഷന്റെ അനുവാദത്തോടുകൂടി മാത്രമേ കൈക്കൊള്ളുകയുള്ളൂ.<br><br>TOTEX മാതൃകയിൽ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കുമ്പോൾ ഉപഭോക്താക്കൾക്ക് ഉണ്ടാകാനിടയുള്ള അധിക സാമ്പത്തിക ബാദ്ധ്യത ലഘൂകരിക്കുന്നതിനും കേന്ദ്ര മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ വിശദമായി പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ